

# പുണ്യതീർഥം

ഹനീഫ കൊച്ചന്നൂർ

ദാഹാർത്തനാം പൊന്നു മോനെ തലോടി
മാറോട് ചേർത്താജറാബി കരഞ്ഞു
ആരാരുമില്ലാതുണ മണൽക്കാട്ടിൽ
മേലായ റബ്ബിൻ സഹായമല്ലാതെ

പ്രാണപ്രിയൻ കുഞ്ഞുമോനോടുമൊപ്പം
പാഴ്മണ്ണിൽ വിട്ടേച്ചുപോകുന്ന നേരം
കാരണമെന്തുണ്ട് ചോദിച്ചു ബീവി
ഇബ്റാഹീം നബിയോട് സ്നേഹസ്വരൂപി
ലോകൈക നാഥന്റെ ആജ്ഞക്കു മുന്നിൽ
സർവം സമർപ്പിച്ചവൻ തൃപ്തി നേടാൻ
ബാധ്യസ്ഥനതുകൊണ്ട് പോകട്ടെ ഞാനും
സർവജ്ഞനവനുണ്ട് ചാരത്ത് നിന്റെ

ചുറ്റു മലാഗ്രങ്ങൾ കാക്കുന്ന മൗനം
മുറ്റുന്നു താഴെ മണൽക്കൂന തോറും
കാറ്റിൻ കരങ്ങൾ മണൽ വാരി വീശി
ഏറ്റം കടുത്തുച്ച സൂര്യൻ ജ്വലിക്കേ
അമ്മിഞ്ഞ വറ്റിക്കരൾ തീ പതച്ചു

ഇസ്മാഈലിന്റെ വിലാപം വിറച്ചു.
കത്തിജ്വലിക്കുന്ന സൂര്യന് പോലും
പൊട്ടിക്കരയാൻ തുടിക്കുന്ന ഭാവം

ചോരക്കിടാവിനെ മണ്ണിൽ കിടത്തി
പാഞ്ഞുമ്മ കുന്നുംപുറത്തേക്കു കേറി
ഇടനെഞ്ച് പൊട്ടിപ്പരനോടു തേടി
സഫ മർവ മലകൾക്കുമിടയിലവരോടി

മരണവക്രത്തിൽ പിടക്കും മകന്റെ
കാൽചുവട്ടിൽ നിന്ന് പൂക്കുറ്റിപോലെ
ചീറ്റിത്തെറിച്ചേറ്റമുൽകൃഷ്ട തീർഥം
കരുണാമയൻ തമ്പുരാനെത്ര ശ്രേഷ്ഠൻ

ഇന്നു നാം കാണുന്നു മലകൾക്കു താഴെ
എങ്ങു നിന്നോ വന്ന ലക്ഷങ്ങൾ നീളെ
ത്യാഗസ്മൃതികൾ പുതുക്കിപ്പതുക്കെ
പറയുന്നു നാഥന്റെ പ്രീതിക്കു നിത്യം

Vol. No: 71 Issue No. 18 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla

പ്രീതിയും ഇഷ്ടവും സമ്പാദിക്കാൻ വേണ്ടി ത്യജിച്ച ഇബ്റാഹീമിന് അല്ലാഹു പകരം നൽകിയ മഹോന്നതമായ സ്ഥാനമാണ് ഖലീലുല്ലാഹ് എന്നത്. ഒരാളെ അല്ലാഹു ആത്മമിത്രമായി സ്വീകരിക്കുക എന്നതിനർഥം അയാളെ അങ്ങേയറ്റം ഇഷ്ടപ്പെടുകയും അയാൾക്ക് സവിശേഷം അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുക എന്നാണ്. അല്ലാഹു ഇബ്റാഹീമിന് നിരവധി അനുഗ്രഹങ്ങൾ പ്രദാനം ചെയ്തു. ലോകജനതയുടെ ഇമാമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ അനവധി പേരെ പ്രവാചകന്മാരായി നിയോഗിച്ചു. അങ്ങനെ പ്രവാചകന്മാരുടെ പിതാവായി (*അബുൽ അമ്പിയാഅ്*) അദ്ദേഹം ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.

6. *ഉമ്മത്ത്*

ജനങ്ങൾക്ക് നന്മയുടെ പാഠങ്ങൾ പകർന്നു നൽകുകയും അവർക്ക് വഴികാട്ടിയാവുകയും ഒരു യഥാർഥ ദൈവദാസന്റെ ഉദാത്ത മാതൃക ലോകത്തിന് സമർപ്പിക്കുകയും ചെയ്ത അദ്ദേഹം ഒരു സമൂഹത്തെ ഗർഭം ധരിച്ച വ്യക്തിയായിരുന്നു. അഥവാ, ഒരു സമൂഹത്തിന്റെ ദൗത്യം ഒറ്റക്ക് ചുമലിലേറ്റിയ മഹാൻ. അദ്ദേഹത്തിന്റെ കാൽപാടുകൾ അന്ത്യനാൾ വരെയുള്ള ജനസമൂഹങ്ങളിൽ സജീവമായി നിലനിൽക്കുകയും ചെയ്യും.

അതുപോലെ, അനുസരണ ശീലനും, തൗഹീദ് മുറുകെ പിടിച്ച് ശരിയായ പാതയിൽ നിലകൊള്ളുന്നവനും, അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവനുമായിരുന്നു അദ്ദേഹമെന്ന് ഖുർആൻ പ്രത്യേകം എടുത്തു പറയുന്നു. (*അന്നഹ്ൽ* 120,121).

അദ്ദേഹത്തിന്റെ ഈ നിലപാടുകൾക്ക് ഇഹത്തിൽ നിരവധി സമ്മാനങ്ങൾ നൽകി. പരലോകത്തും വിലയേറിയ പാരിതോഷികങ്ങൾ ലഭിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു. (*അന്നഹ്ൽ* 122). 'ഇഹത്തിലും പരത്തിലും നന്മ വരുത്തേണമേ' എന്ന് നാം പ്രാർഥിക്കുമ്പോൾ ഇബ്റാഹീമിന് അത് ലഭിച്ചതായുള്ള ഖുർആന്റെ പ്രസ്താവന നാം ഗൗരവപൂർവം പഠിക്കേണ്ടതുണ്ട്. പ്രാർഥനയും പ്രവർത്തനവും ഒത്തുചേർന്നപ്പോഴാണ് അദ്ദേഹത്തിന് അത് ലഭിച്ചത് എന്നും മനസ്സിലാക്കണം.

7. അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ വിജയം കരസ്ഥമാക്കിയപ്പോൾ, അല്ലാഹു ഇബ്റാഹീം നബിയെ ലോകനേതാവായി പ്രഖ്യാപിച്ചു. ആ ഇമാമിന്റെ മില്ലത്ത് പിന്തുടരാൻ മുഹമ്മദ് നബിയോടും സത്യവിശ്വാസികളോടും അല്ലാഹു ആജ്ഞാപിക്കുകയും ചെയ്തു. മഖാമു ഇബ്റാഹീമിൽ നമസ്കരിക്കാൻ പ്രത്യേകം ഓർമിപ്പിച്ചു. മക്കയെ നിർഭയ നാടാക്കാനുള്ള അദ്ദേഹത്തിന്റെ പ്രാർഥന അല്ലാഹു സ്വീകരിച്ചു. ഇതിനേക്കാളെല്ലാം വലിയ ആദരവ് മറ്റെന്തുണ്ട്?

പച്ചയായ ഈ ജീവിതത്തിൽ നിന്ന് പാഠമുൾക്കൊള്ളുകയും അത് പകർത്താനുള്ള മാനസികമായ തയാറെപ്പുകളുണ്ടാവുകയും ചെയ്യുമ്പോഴാണ് ഹജ്ജും ബലി പെരുന്നാളുമെല്ലാം സാർഥകമാവുന്നത്. ■

**കവിത**

# ബലിമാംസഭാഷണം

**ഫൈസൽ അബൂബക്കർ**

രക്തം ചീറ്റി
ഒന്നു പിടഞ്ഞ് മണ്ണോടമർന്നപ്പോൾ
ചരിത്രാവർത്തന വികാരം സമർപ്പണഭാവമാസകലം
അറിയാതെ പറഞ്ഞുപോയി
സൗഭാഗ്യം മഹോന്നതം

പോവാമായിരുന്നല്ലോ
പൊങ്ങച്ചക്കാരന്റെ വിരുന്നു മേശയിൽ
ഇരുട്ടു മൂടിയ ഹൃദയ സമീപം
നിറച്ചാലും നിറയാത്ത വലിയ വീപ്പയിലേക്ക്
ചവച്ചരച്ചങ്ങനെ...

പോവാമായിരുന്നല്ലോ
കെട്ടിച്ചയക്കും കുട്ടിയെ
കനകബിംബമായിരുത്തി
മുക്കല്ലടുപ്പിലമർന്നാവിയായ്
പന്തലിൽ താൻപോരിമത്തീൻമേശയിൽ
നീണ്ട കരത്തിനും നീണ്ട നാവിനും നേരെ
വേച്ചുവേച്ചങ്ങനെ...

പോവാമായിരുന്നല്ലോ
ഉപജാപ ചർച്ചക്കൊരു പുളിപോൽ
നേതാഗേഹപ്പൊലിമയിൽ
പ്രതീകാത്മകമാം
കത്തിക്കും കൂർത്ത ഫോർക്കിനുമിടയിൽ
പിടഞ്ഞ് പിടഞ്ഞങ്ങനെ...

പോവാമായിരുന്നല്ലോ
അലക്ഷ്യ നവയുഗപ്പാതയിലൊഴുകും
മദ്യനുരക്കൊരു നർത്തനമെന്നപോൽ
നിന്ന് നിവർന്ന് പതിക്കും ചുവടിൽ
പിഴച്ച് പിഴച്ചങ്ങനെ

പോയിരിക്കുന്നുവല്ലോ...
ഭാഗ്യം സുകൃതം
ത്യാഗാർപ്പണ സമരപ്പാതയിലൊത്തിരി രക്തം
ഭക്ത്യാദരവിൽ ശക്തി പകർന്നുറക്കെപ്പറയും
തക്ബീർ ധ്വനിയിൽ മഹത്വമുടയവനിൽ
ഉയർന്നുയർന്നങ്ങനെ...

●